പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3356 29/01/2014-ൽ മറുപടിയ്ക്ക്

# ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസനപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, ഹൈബി ഈഡൻ<br>,, വർക്കല കഹാർ<br>,, സണ്ണി ജോസഫ് | ശ്രീ . കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളി കേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) സംസ്ഥാനത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന സംസ്ഥാനാവിഷ്കൃത നാളികേര വികസന പദ്ധതിയും രാഷ്ട്രീയ കൃഷി വികാസ്യോജന പദ്ധതിയിൻ കീഴിലുള്ള നാളികേര വികസന പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 7 ജില്ലകളിൽ സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നു. 13631 ഹെക്ടർ തെങ്ങിൻ തോട്ടങ്ങൾ ഒന്നാം വർഷ പരിചരണവും 19600 ഹെക്ടറിൽ രണ്ടാം വർഷ പരിചരണവും നടത്തുന്നതാണ്. ഇതിലേയ്ക്കായി 4169.025 ലക്ഷം രൂപ അനുവദിച്ചു. ക്ലസ്റ്ററുകളിലൂടെ കൂട്ടായ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനായി ഏറ്റവും നന്നായി ഗ്രൂപ്പ് പ്രവർത്തനങ്ങൾ നടത്തുന്ന ക്ലസ്റ്റർ ഒന്നിന് 50,000/- രൂപ വീതം നൽകുന്നതുമാണ്. 400 ക്ലസ്റ്ററുകൾക്ക് സഹായം നൽകുന്നതിനായി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>രാഷ്ട്രീയ കൃഷി വികാസ്യോജന പദ്ധതിയിൻ കീഴിലും ക്ലസ്റ്റർ രൂപീകരിച്ചു. തെങ്ങിൻ തോട്ടങ്ങളിൽ ശാസ്ത്രീയ പരിചരണ മുറകൾ അനുവർത്തിക്കുന്നതിനായി 2296 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) നാളികേര കൃഷിയിൽ നിന്നും ഉല്പാദനവും ആദായവും വർദ്ധിപ്പിക്കുവാനും അതുവഴി നാളികേര കർഷകരെ സഹായിക്കുവാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |
| സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) സംസ്ഥാന കൃഷിവകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. കാർഷിക സർവ്വകലാശാലയുടെയും നാളികേര വികസന ബോർഡിന്റെയും സഹായം ആവശ്യാനുസരണം ഉപയോഗപ്പെടുത്തുന്നു. |

ഡി) എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ഡി) സംസ്ഥാനാവിഷ്കൃത നാളികേര വികസന പദ്ധതിയിൽ ഒന്നാം വർഷ പരിചരണം 13631 ഹെക്ടറിലും രണ്ടാം വർഷ പരിചരണം 19600 ഹെക്ടറിലും നടപ്പിലാക്കി.

രാഷ്ട്രീയ കൃഷി വികാസ്‌യോജന പദ്ധതിയിൻ കീഴിൽ ഒന്നാം വർഷ പരിചരണം 6895 ഹെക്ടറിലും രണ്ടാം വർഷ പരിചരണം 4750 ഹെക്ടർ തെങ്ങിൻ തോട്ടങ്ങളിലുമായി നടത്തിയിട്ടുണ്ട്.

നാളികേര വികസന ബോർഡിന്റെ നാളികേര വികസന പദ്ധതിയിൽ ഒന്നാം വർഷ പരിചരണം 1125.99 ഹെക്ടറിലും രണ്ടാം വർഷ പരിചരണം 3835.55 ഹെക്ടറിലും നടപ്പിലാക്കി.

**സെക്ഷൻ ഓഫീസർ**